(5) <u>സഭാതലത്തിൽ നൽകിയ ഉറപ്പുകളിന്മേലുള്ള നടപടി സ്വീകരിക്കാത്തതും നിയമസഭാ ചോദ്യങ്ങളിന്മേലുള്ള മറുപടി യഥാസമയം ലഭ്യമാക്കാത്തതും സംബന്ധിച്ച്</u>

2016 ജൂലൈ 13-ാം തീയതി 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ചയ്ക്കുമുമ്പ് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 258-ാം വകുപ്പുപ്രകാരം അതതു സമയം സഭാതലത്തിൽ വച്ച് മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ, വാഗ്ദാനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും അവ എത്രത്തോളം പ്രാവർത്തികമാക്കിയെന്ന് മോണിറ്റർ ചെയ്യുന്നതിനുമായി നിയോഗിച്ചിട്ടുള്ള ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ കാലാകാലങ്ങളിൽ മാറി വരുന്ന സർക്കാരുകൾ സഭയ്ക്ക് ഉറപ്പുകളും വാഗ്ദാനങ്ങളും നൽകുന്നതല്ലാതെ ഇവ ചട്ടങ്ങളിൽ പ്രതിപാദിക്കുംവിധം പാലിക്കപ്പെടുന്നില്ലെന്നും അഥവാ പാലിക്കപ്പെട്ടാൽത്തന്നെയും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി സമിതിയെയോ സഭയെയോ അറിയിക്കുന്നില്ലെന്നുള്ളതും യാഥാർത്ഥ്യമാണ്. വിവിധ നിയമസഭയുടെ കാലയളവുകളിലായി മൂവായിരത്തിലധികം ഉറപ്പുകൾ പാലിക്കപ്പെടേണ്ടതുണ്ടെന്നും സഭയിൽ വരുന്ന ഉറപ്പുകൾ പാലിക്കപ്പെടാതെ പോകുന്നത് സഭയോടും ജനങ്ങളോടുമുള്ള പ്രതിബദ്ധതയില്ലായ്മയാണ് സൂചിപ്പിക്കുന്നതെന്നും സഭാതലത്തിൽ സർക്കാർ ഉറപ്പുനൽകുന്ന വിഷയം രണ്ട് മാസത്തിനകം തീർപ്പുകൽപ്പിച്ച് സമിതിയെ

അറിയിക്കണമെന്നുമാണ് ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തനങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ അനുശാസിക്കുന്നത്. എന്നാൽ നിലവിലെ ചട്ടങ്ങൾ പാലിക്കാതെ സഭയോടും സമിതിയോടും ജനങ്ങളോടും എക്സിക്യൂട്ടീവ് കാണിക്കുന്ന അനാദരവ് വളരെ ഗൗരവമായി കാണണമെന്നും കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 47-ാം വകുപ്പുപ്രകാരം മന്ത്രിമാർ സഭയിൽ നൽകാനുദ്ദേശിക്കുന്ന മറുപടികൾ ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന ദിവസത്തിന്റെ തൊട്ടുമുമ്പത്തെ ദിവസം വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി സെക്രട്ടറിക്ക് കൈമാറണമെന്നും കൂടാതെ 42-ാം ഉപവകുപ്പുപ്രകാരം ചോദ്യത്തിനുള്ള മറുപടി കൃത്യസമയത്തിനകം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 6-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം പന്ത്രണ്ടാം കേരള നിയമസഭയുടെ 46 ചോദ്യങ്ങൾക്കും 19-ാം നമ്പർ ബുള്ളറ്റിൻപ്രകാരം നടപ്പുസമ്മേളനത്തിലെ 131 ചോദ്യങ്ങൾക്കും ഇതുവരെ മറുപടി നൽകിയിട്ടില്ലെന്നും 2005-ലെ വിവരാവകാശ നിയമപ്രകാരം ഏതൊരു പൗരനും മുപ്പത് ദിവസത്തിനകം മറുപടി നൽകണമെന്നും മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ നിയമസഭാംഗം ഉന്നയിക്കുന്ന ചോദ്യത്തിന് കൃത്യമായി മറുപടി നൽകാതിരിക്കുന്നത് ഗുരുതരമായ

കൃത്യവിലോപവും സഭയോടുള്ള അനാദരവുമാണെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചു.

2499 ഉറപ്പുകളിൻമേലും 9 മുതൽ 13 വരെയുള്ള നിയമസഭകളിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി അഷ്വറൻസ് കമ്മിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും ചോദ്യത്തിന് മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച് 10 വർഷത്തിനിടയിൽ 8 റൂളിംഗുകൾ ബഹുമാനപ്പെട്ട സ്പീക്കർമാർ നൽകിയിട്ടുണ്ടെന്നും ചോദ്യോത്തരവുമായി ബന്ധപ്പെട്ട് യഥാസമയം മറുപടി ലഭ്യമാക്കുന്നതിന് കർശന നിലപാടുകൾ സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"ചട്ടം 303 പ്രകാരം ഉന്നയിക്കപ്പെട്ട രണ്ടു വിഷയങ്ങളും ഏറെ ഗൗരവം അർഹിക്കുന്നവ തന്നെയാണ്. സഭാതലത്തിൽ സർക്കാർ നൽകിയ ഉറപ്പുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ലെന്നും ഉറപ്പുകൾ സംബന്ധിച്ച സമിതി

---

* XIV KLA/I Session Vol.162 Report No. 11 dated 13-07-2016

പരിഗണിച്ച് സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ലെന്നുമുള്ള കാര്യം വിശദമായി പരിശോധിച്ചതിൽ പതിമൂന്നാം കേരള നിയമസഭയിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ കാര്യക്ഷമമായ പ്രവർത്തന ഫലമായി പത്താം കേരള നിയമസഭ വരെയുള്ള ഉറപ്പുകൾ സംബന്ധിച്ച് എല്ലാ നടപടികളും പൂർത്തീകരിക്കപ്പെടുകയുണ്ടായി എന്നും പതിനൊന്നാം കേരള നിയമസഭയുടെ കാലത്തെ 201 ഉറപ്പുകളിലും പന്ത്രണ്ടാം കേരള നിയമസഭയുടെ കാലത്തെ 1078 ഉറപ്പുകളിലും പതിമൂന്നാം കേരള നിയമസഭയുടെ കാലത്തെ 1220 ഉറപ്പുകളിലുമായി ആകെ 2499 ഉറപ്പുകളിന്മേൽ സർക്കാർ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും 9, 10, 11, 12, 13 നിയമസഭകളിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ നടപടികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ടെന്നും ചെയർ മനസ്സിലാക്കുന്നു. സഭാതലത്തിൽ സർക്കാർ നൽകുന്ന ഉറപ്പുകളിന്മേലും ഉറപ്പുകൾ സംബന്ധിച്ച സമിതി നൽകുന്ന ശിപാർശകളിന്മേലും സർക്കാർ വകുപ്പുകൾ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്നപക്ഷം ആയതിന്മേൽ കർക്കശമായ നടപടികൾ സ്വീകരിക്കാനുള്ള എല്ലാ അധികാരങ്ങളും ചട്ടപ്രകാരം പ്രസ്തുത സമിതിക്കുണ്ട്.

ഈ നിയമസഭയിൽ രൂപീകരിക്കാനിരിക്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും ഈ സഭയിൽ ഉണ്ടാകാവുന്ന ഉറപ്പുകൾ സംബന്ധിച്ചും മുൻ സഭകളിലെ പൂർത്തീകരിക്കാത്ത ഉറപ്പുകൾ

സംബന്ധിച്ചുള്ള ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ കൈക്കൊള്ളണമെന്നും സർക്കാരിന്റെ വിവിധ വകുപ്പുകൾ സമിതിയുടെ പ്രവർത്തനവുമായി സഹകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ ഉത്തരം ലഭ്യമാകുന്നില്ലെന്ന വിഷയം പരിശോധിച്ചപ്പോൾ ഇതുസംബന്ധിച്ച് കഴിഞ്ഞ പത്തുവർഷത്തിനിടയിൽ എട്ട് റൂളിംഗുകൾ മുൻ സ്പീക്കർമാർ നൽകിയിട്ടുള്ളതായാണ് കാണുന്നത്. അപ്രകാരം കർശനമായ നിർദ്ദേശം ചെയറിൽനിന്നും നൽകിയിട്ടും ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ തുടർന്നും ഉദാസീനത കാണിക്കുന്നുവെന്നുള്ളത് ഒട്ടും ആശാസ്യകരമല്ല.

നിയമസഭാ സെക്രട്ടേറിയറ്റിലെ രേഖകൾ പ്രകാരം പന്ത്രണ്ടാം കേരള നിയമസഭയുടെ 46 ചോദ്യങ്ങൾക്കും പതിമൂന്നാം കേരള നിയമസഭയുടെ 673 ചോദ്യങ്ങൾക്കും പതിനാലാം കേരള നിയമസഭയിൽ ഇന്നലെവരെയുള്ള 157 ചോദ്യങ്ങൾക്കും പൂർണ്ണമായോ ഭാഗികമായോ മറുപടി ലഭ്യമാകാനുണ്ട്. ഇത്തരം പ്രവണതകൾ ഇനിയും തുടർന്നുപോകുന്നതിനോട് ചെയറിന് യോജിപ്പില്ല. നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട മന്ത്രിമാർ പരിശ്രമിക്കേണ്ടതാണ്. ചട്ടപ്രകാരം മുൻകൂർ നോട്ടീസ് നൽകി ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ മറുപടി ലഭിക്കുക എന്ന ന്യായമായ അവകാശം

നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.''